## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 535

06.07.2012-ൽ മറുപടിയ്ക്ക്

### തദ്ദേശ സ്ഥാപനങ്ങൾ മുഖേന പട്ടികജാതിക്കാർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ. കെ. എം. ഷാജി
ശ്രീ. സി. മോയിൻകുട്ടി

**ഉത്തരം**

ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | പട്ടികജാതിക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്താറുണ്ടോ; | എ | ഉണ്ട്. |
| ബി | എങ്കിൽ ഏറ്റവും ഒടുവിൽ വിലയിരുത്തൽ നടത്തിയത് എപ്പോഴാണ്; അതിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | ബി | ഏറ്റവും ഒടുവിൽ പഞ്ചായത്ത് വകുപ്പു തലത്തിൽ വിലയിരുത്തിയത് 11.04.2012 ൽ നടന്ന സംസ്ഥാനതല യോഗത്തിലാണ്. 2012 ഫെബ്രുവരി മാസത്തിൽ പട്ടികജാതി വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിവിധ ജില്ലകളിൽ നടത്തിയ അവലോകന യോഗത്തിന്റെ പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.<br>1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എസ്.സി.പി. ഫണ്ട് വിനിയോഗം പ്രതീക്ഷിച്ചതുപോലുള്ള പുരോഗതി ഉണ്ടായിട്ടില്ല.<br>2. എസ്.സി.പി ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. |

(...2)

| | | | |
|---|---|---|---|
| | | | 3. ജില്ലാടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ എല്ലാമാസവും റിവ്യൂമീറ്റിംഗ് നടത്തേണ്ടതും അതിൽ ജില്ലാ പട്ടികജാതി വികസന ആഫീസർ നിർബന്ധമായും പങ്കെടുക്കേണ്ടതുമാണ്. |
| സി | പ്രസ്തുത പദ്ധതിയ്ക്കായുള്ള തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വകമാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | സി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വകമാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും തരത്തിൽ ഫണ്ട് വകമാറി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടാൽ അവ അന്വേഷിച്ച് തക്കതായ നടപടി സ്വീകരിക്കുന്നതാണ്. |
| ഡി | പദ്ധതിക്കായി 2010-11, 2011-12 എന്നീ വർഷങ്ങളിൽ എന്ത് തുക നൽകി എന്നും എന്ത് തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ? | ഡി | വിശദാംശം ചുവടെ ചേർക്കുന്നു.<br><u>വർഷം</u> / <u>വകയിരുത്തിയത്</u> / <u>ചെലവഴിച്ചത്</u><br>2010-11 / 589.49 കോടി / 519.48 കോടി<br>2011-12 / 660.22 കോടി / 726.55 കോടി (മുൻ നീക്കിയിരിപ്പ് ഉൾപ്പെടെ) |

Sabu K J

സെക്ഷൻ ഓഫീസർ